**ഭരണഭാഷ - മാതൃഭാഷ**

എം‌ഐറ്റി1/6847/റ്റിസി/2015

ട്രാൻസ്പോർട്ട് കമ്മീഷണറുടെ കാര്യാലയം
തിരുവനന്തപുരം, കേരളം
തിയതി 16-05-2015

പ്രേഷിതൻ, .

ട്രാൻസ്പ്പോർട്ട് കമ്മീഷണർ
ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്
വഴുതക്കാട്, തിരുവനന്തപുരം

സ്വീകർത്താവ് ,

ജോയിന്റ് ആർ ടി ഓ
സബ് റീജിയണൽ ട്രാൻസ്പ്പോർട്ട് ഓഫീസ്
വടക്കാഞ്ചേരി

സർ,

വിഷയം :- ***മോട്ടോർ വാഹന വകുപ്പ്*** — വകുപ്പിന്റെ സേവനങ്ങൾക്ക് ഓൺലൈനിൽ മാത്രം അപേക്ഷ സ്വീകരിക്കുന്നത്— സംബന്ധിച്ച്

സൂചന :- ശ്രീ മനൊജ് കെ ജെ ഈ ഓഫീസിൽ നൽകിയ വിവരാവകാശ നിയമ പ്രകാരമുള്ള അപേക്ഷ

സൂചനയിൽ പരാമർശിച്ചിരിക്കുന്ന കത്ത് പ്രകാരം ശ്രീ മനൊജ് കെ ജെ വിവരാവകാശ നിയമ പ്രകാരം നൽകിയ അപേക്ഷയിൽ അനുബന്ധമായി ആ ഓഫീസിൽ നിന്നും നൽകിയ സി1/533/2015/ആർ.ഡബ്ല്യു എന്ന വിവരവകാശ നിയമ പ്രകാരമുള്ള ഉത്തരവും ചേർത്തിരുന്നു. അപേക്ഷകൻ കത്തിൽ അദ്ദേഹത്തിന് ലൈസൻസ് പർട്ടിക്കുലേർസിന് ഓൺലൈനിൽ അപേക്ഷിക്കുവാൻ സാധിക്കത്ത സാഹചര്യമുണ്ടാകുകയും ഓഫീസിൽ ഫീസ് സ്വീകരിക്കുന്നില്ല എന്ന് അറിയിക്കുകയും ചെയ്തിട്ടുണ്ട്. ഫീസ് സ്വീകരിക്കാതിർക്കുന്നതിന് കാരണമായി ട്രാൻസ്പ്പോർട്ട് കമ്മീഷണർ 30.09.2013ൽ നൽകിയ നിർദ്ദേശം ഉദ്ധരിച്ച് ശ്രീ മനൊജ് കെ ജെ ക്ക് മറുപടി നൽകിയിരുന്നു. പ്രസ്തുത നിർദ്ദേശത്തിൽ 19 സേവനങ്ങൾക്ക് ഓൺലൈനിൽ മാത്രമേ അപേക്ഷകൾ സ്വീകരിക്കാവൂ എന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ ഇതിന് ശേഷവും എസ് എസ് ജി സെല്ലിൽ നിന്നും ഓൺലൈൻ അപേക്ഷകൾ സംബന്ധിച്ച് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. അതിൻ പ്രകാരം ഓൺലൈനിൽ അപേക്ഷിക്കുവാൻ സാധിക്കാത്ത സാഹചര്യത്തിൽ ഓഫീസിൽ ഫീസ് സ്വീകരിക്കണം എന്ന് അറിയിച്ചിട്ടുണ്ട്. ഓൺലൈൻ അപേക്ഷകൾ ജനങ്ങൾക്ക് ഉപകാരപ്രദമാകുവാൻ വകുപ്പ് നടപ്പിലാക്കിയ പദ്ധതിയാണ്. ആയതിനാൽ ഏതെങ്കിലും സാഹചര്യത്തിൽ പൊതു ജനത്തിന് ഓൺലൈനിൽ അപേക്ഷിക്കുവാൻ കഴിയാതെ വന്നാൽ സൂപ്പർവൈസറി തലത്തില്ലുള്ള ഒരു ഉദ്യോഗസ്ഥന്റെ അനുവാദത്തോടെ ഓഫീസിൽ അപേക്ഷയും ഫീസും സ്വീകരിക്കേണ്ടതാണ്.

വിശ്വസ്തതയോടെ

ജോയിന്റ് ട്രാൻസ്പ്പോർട്ട് കമ്മീഷണർ
ട്രാൻസ്പ്പോർട്ട് കമ്മീഷണർക്ക് വേണ്ടി

പകർപ്പ്-
എല്ലാ ഡി റ്റി സി/ആർ ട്ടി ഒ/ജോയിന്റ് ആർ ടി ഒ